"ഭരണഭാഷ മാതൃഭാഷ"

WEC2-13083/2021

വനിത ശിശു വികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം.
തീയതി: 20/12/2021
ഇ-മെയിൽ: directorate.wcd@kerala.gov.in
ഫോൺ നം: 0471-2346534

## പരിപത്രം

വിഷയം:-വനിത ശിശു വികസന വകുപ്പ് - 'പടവുകൾ' പദ്ധതി 2021-22- അപേക്ഷ സമർപ്പിക്കുന്ന കാലാവധി ദീർഘിപ്പിച്ച് നൽകുന്നത് സംബന്ധിച്ച്.

സൂചന:- (1) ഈ കാര്യാലയത്തിൽ നിന്നുള്ള 12/08/2021 ലെ WEC-2/**13083**/21 നം. പരിപത്രം
(2) ഈ കാര്യാലയത്തിൽ നിന്നുള്ള 15/09/2021 ലെ WEC-2/7252/21 നം. പരിപത്രം
(3) ഈ കാര്യാലയത്തിൽ നിന്നുള്ള 26/10/2021 ലെ WEC-2/7252/21 നം. പരിപത്രം
(4) ഈ കാര്യാലയത്തിൽ നിന്നുള്ള 15/11/2021 ലെ WEC-2/7252/21 നം. പരിപത്രം

വകുപ്പിൽ നിന്നും ഉന്നത വിദ്യാഭ്യാസ ധനസഹായം അനുവദിച്ചുവരുന്ന 'പടവുകൾ' പദ്ധതികൾക്കായി 2021-22 സാമ്പത്തിക വർഷത്തിലേയ്ക്ക് സൂചന (1) പ്രകാരം അപേക്ഷ ക്ഷണിച്ചുകൊണ്ട് സർക്കുലർ പുറപ്പെടുവിച്ചിരുന്നു. എന്നാൽ കോവിഡ് പശ്ചാത്തലം പരിഗണിച്ചും, സ്കൂളുകളിലും കോളേജുകളിലും അഡ്മിഷൻ നടപടിക്രമങ്ങൾ പൂർത്തിയാകാത്ത സാഹചര്യത്തിലും വിദ്യാഭ്യാസ സ്ഥാപനങ്ങൾ പൂർണ്ണമായും തുറന്ന് പ്രവർത്തിക്കാതിരുന്ന സാഹചര്യത്തിലും, ടി പദ്ധതിയ്ക്കായി സൂചന (2) (4) വരെ പ്രകാരം കാലാവധി ദീർഘിപ്പിച്ച് ഉത്തരവായിരുന്നു. നിലവിലും കോളേജുകളിൽ അഡ്മിഷൻ നടപടിക്രമങ്ങൾ പൂർത്തിയാകാത്ത സാഹചര്യത്തിൽ ടി പദ്ധതിയ്ക്കായി അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 2022 ജനുവരി 20 വരെ ദീർഘിപ്പിക്കുന്നു.

2021 നവംബർ 30 വരെ ലഭിച്ച അപേക്ഷകളിൽ നിന്നും പദ്ധതി മാനദണ്ഡപ്രകാരം അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി ക്രോഡീകരിച്ച് കമ്മിറ്റി മീറ്റിംഗ് മിനിട്ട്സ് സഹിതം അതത് ജില്ലാ ഓഫീസർമാർ 2021 ഡിസംബർ 10 ന് മുൻപ് അലോട്ട്മെന്റിനായി ഈ കാര്യാലയത്തിൽ ലഭ്യമാക്കണമെന്ന് സൂചന (4) പരിപത്രത്തിൽ നിർദ്ദേശം നൽകിയിരുന്നു. ആയത് പാലിച്ചിട്ടുണ്ടെന്ന് ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർ ഉറപ്പ് വരുത്തേണ്ടതാണ്.

(ഒപ്പ്)
വനിത ശിശു വികസന ഡയറക്ടർ

എല്ലാ ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്കും

പകർപ്പ്

1. സൂപ്രണ്ട്, ആഡിറ്റ് സെക്ഷൻ
2. ഫിനാൻസ് ഓഫീസർ
3. ഡയറക്ടറുടെ സി.എ
4. സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്